ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് വേണ്ടി ഇതുവരെ മൊത്തം 209.28.964 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 203.70.164 ഏക്കർ (82.4703 Hector) ഭൂമി അദാനി ഗ്രൂപ്പിന് ഇറമുഖം നിർമ്മിക്കുന്നതിനും നടത്തിപ്പിനുമായി കരാർ പ്രകാരം "Right of Way" സർക്കാർ നൽകുന്നതാണ്.

(ബി) നോട്ടിഫൈ ചെയ്തതിൽ ഇനി ഭൂമിയൊന്നും തന്നെ ഏറ്റെടുക്കാനില്ല.

(സി) വിലയ്ക്ക് വാങ്ങാൻ തീരുമാനിച്ചവയിൽ ഏറ്റവും ഒടുവിൽ വാങ്ങിയ ഭൂമി കോട്ടുകാൽ വില്ലേജിലെ 254/7-ാം സർവ്വേ നമ്പരിൽ ഉൾപ്പെട്ടതാണ്. ഈ ഭൂമിക്ക് State Level Empowered Committee അംഗീകരിച്ച പ്രകാരം സെന്റ് ഒന്നിന് 2,55,000 രൂപ വച്ച് വില നൽകിയിട്ടുണ്ട്.

(ഡി) വിഴിഞ്ഞം വില്ലേജിൽ ബാക്ക്-അപ് ഏരിയയ്ക്കുവേണ്ടി വില വാങ്ങിയ ഭൂമിക്കാണ് സെന്റൊന്നിന് ഏറ്റവും കൂടുതൽ വില നൽകേണ്ടി വന്നത്. ഇങ്ങനെ നൽകിയ ഏറ്റവും ഉയർന്ന തുക State Level Empowered Committee അംഗീകരിച്ച പ്രകാരം സെന്റ് ഒന്നിന് 3,40,000 രൂപയായിരുന്നു. ഈ വില നൽകി ഭൂമി ഏറ്റെടുത്ത ഭൂവുടമകളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*

വിഴിഞ്ഞം ഇറമുഖ പദ്ധതി

175 (183) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയുന്ന വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി പദ്ധതിയെ സംസ്ഥാന സർക്കാരിന്റെ വിവിധ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിഷൻ 676 ലും നവരത്ന പദ്ധതിയിലും വിഴിഞ്ഞം പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സ്കീമിൽ കേന്ദ്ര സർക്കാരിൽ നിന്ന് 817.8 കോടി രൂപയുടെ ധനസഹായം ലഭിക്കുന്നതിനായി കേന്ദ്ര ധനമന്ത്രാലയത്തിന്റെ തത്ത്വത്തിലുള്ള അംഗീകാരം (In Principle Approval) 2015 ഫെബ്രുവരി 3-ാം തീയതി ലഭിച്ചു.

(സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ ആയ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി കരാർ ഒപ്പുവച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 5-ാം തീയതി ആരംഭിക്കുന്നതാണ്.

പൊന്നാനി വാണിജ്യ ഇറമുഖത്തിന്റെ നിർമ്മാണ പുരോഗതി

176 (184) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി വാണിജ്യ ഇറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പൊന്നാനി വാണിജ്യ ഇറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 85 മീറ്റർ Retention Wall-ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം

177 (185) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ ഉദ്ഘാടനത്തിന് ഒരുങ്ങുന്ന സ്വപ്നപദ്ധതിയായ വിഴിഞ്ഞം മദർപോർട്ട് എന്തെല്ലാം പ്രതിസന്ധികളെതരണം ചെയ്താണ് യാഥാർത്ഥ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;